സ്ഥാനത്തിൽ തന്നെയാണ് ഇപ്പോഴും എണീറ്റത്. ഇത് അങ്ങയുടെ റൂളംഗിനെ ചോദ്യം ചെയ്തതാണ്. ഇതു ശരിയല്ല..... (ബഹളം) .....റൂളിംഗ്

മി. സ്പീക്കർ : ഇവിടെ ഒരു റൂളിംഗിന്റെ പ്രശ്നം ഉദിക്കുന്നില്ല. ചട്ടപ്രകാരം തന്നെയാണ് നാം സഭാനടപടികൾ നടത്തുന്നത്. അതിൽ സബ്മിഷൻസ് ഉന്നയിക്കുന്ന രൂപത്തിലുള്ള ചട്ടവുമുണ്ട്, അതല്ലാതെയുള്ള കീഴ്വഴക്കങ്ങളുമുണ്ട്, നടപടികളുമുണ്ട്. അതിന്റെ ഭാഗമായിട്ടാണ് നടക്കുന്നത്. അതുകൊണ്ട് ഇതിന് പ്രത്യേക റൂളിംഗിന് പ്രസക്തിയില്ല.

പ്രത്യേക പരാമർശം വിദ്യാഭ്യാസമേഖലയിലെ പ്രതിസന്ധി

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട സ്പീക്കർ സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന രൂക്ഷമായ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷത്തുള്ള നിയമസഭാംഗങ്ങൾ അസംബ്ലി ബഹിഷ്കരണം തുടങ്ങിയിട്ട് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ അസംബ്ലി നടപടികൾ തുടർച്ചയായി ബഹിഷ്കരിക്കുന്നത് സന്തോഷത്തോടുകൂടി അല്ല. ദുഃഖത്തോടുകൂടിയാണ്. കഴിഞ്ഞ ദിവസം സഭാനാഥനായ അങ്ങും, ഇന്ത്യയിലെ മറ്റ് നിയമസഭകളെക്കാൾ കൂടുതൽ മര്യാദയും സംയമനവും ഇതുവരെ പാലിച്ചു പോന്നിട്ടുള്ള ഈ നിയമസഭയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു അദ്ധ്യായം നീണ്ടുനിൽക്കാതിരിക്കാൻ വേണ്ടി ഇരുവിഭാഗക്കാരും ഭരണകക്ഷിയും പ്രതിപക്ഷവും കൂടിയാലോചന നടത്തി ഇതിനൊരു പോംവഴി കണ്ടെത്തണമെന്ന് ഒരു പരാമർശം നടത്തി. അങ്ങയുടെ ആ വികാരത്തേയും അങ്ങയുടെ അഭിപ്രായ പ്രകടനത്തിൽ നിഴലിച്ച ആത്മാർത്ഥതയേയും പ്രതിപക്ഷം അതിന്റെ എല്ലാ നല്ല സ്പിരിറ്റോടും കൂടി അംഗീകരിക്കുകയാണ്. ഈ നിയമസഭാ സമ്മേളനം ഈ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന ഒരുപാട് കാര്യങ്ങൾ, നീറുന്ന ഒരുപാട് പ്രശ്നങ്ങൾ, ചർച്ച ചെയ്യാനും സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ബഡ്ജറ്റ് കാര്യങ്ങൾ ചർച്ചചെയ്യാനുമുള്ളതാണ്. ഈ സമ്മേളനം ആ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്നുതന്നെയാണ് പ്രതിപക്ഷം ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടാണ് ഒരു ചർച്ചയ്ക്ക് ഞങ്ങൾ ശ്രമിച്ചത്. പ്ലസ് ടൂ സ്കൂൾ അനുവദിക്കുന്നതിനെത്തുടർന്ന് കേരളത്തിലെ ലക്ഷക്കണക്കിന് രക്ഷകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളെ ഏതു പ്ലസ് ടൂ സ്കൂളിൽ പ്രവേശിപ്പിക്കും, എവിടെപ്പോയി പഠിക്കണം എന്നതിനെക്കുറിച്ചുള്ള ആശങ്കയുണ്ടായിരിക്കുന്ന സാഹചര്യത്തിൽ ഈ ആശങ്കയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി, ഈ ആശങ്ക ഒരു സമരത്തിലേയ്ക്ക് വളരാതിരിക്കണമെന്നും, കേരളത്തിലെ രക്ഷകർത്താക്കൾക്കും കുട്ടികൾക്കും അദ്ധ്യാപകൻമാർക്കും അദ്ധ്യാപികമാർക്കും കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ താൽപ്പര്യമുള്ള എല്ലാവർക്കും ആശങ്കയുണ്ടാക്കുന്ന - ഉൽക്കണ്ഠയുണ്ടാക്കുന്ന, സംഘർഷമുണ്ടാക്കുന്ന - ഈ പ്രതിസന്ധി നീണ്ടുപോകരുതെന്നും ആഗ്രഹിച്ചിട്ടാണ് പ്രശ്നങ്ങൾ രൂക്ഷമായിക്കഴിഞ്ഞപ്പോൾ കുട്ടികളും രക്ഷകർത്താക്കളും പരക്കം പായുന്നതു കണ്ടപ്പോൾ, അവർ ഉറക്കമില്ലാത്ത രാത്രികൾ തള്ളിനീക്കുന്നതു കണ്ടപ്പോൾ, ഞങ്ങൾ ജൂൺ മാസം 8-ാം തീയതി, കേരളത്തിലെ ഐക്യജനാധിപത്യമുന്നണിക്കുവേണ്ടി, ഐക്യജനാധിപത്യമുന്നണി കൂടിയതിനുശേഷം അതിന്റെ കൺവീനർ ശ്രീ. കെ. ശങ്കരനാരായണൻ മുഖ്യമന്ത്രിക്ക് രേഖാമൂലം ഒരു കത്തു നൽകിയത്. ഈ വിദ്യാഭ്യാസ പ്രതിസന്ധിയെക്കുറിച്ച് രക്ഷകർത്താക്കളുടേയും വിദ്യാർത്ഥികളുടേയും ആശങ്കയെക്കുറിച്ച് അടിയന്തിരമായി കേരളത്തിലെ രാഷ്ട്രീയ കക്ഷികളുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ ഐക്യജനാധി

LIBRARY ARCHIVES Kerala Legislative Assembly

പത്യ മുന്നണിക്കുവേണ്ടി ഞങ്ങൾ ഒരു കത്തു നൽകി. ആ കത്തിന്റെ അടിസ്ഥാനത്തിൽ യോഗം ചേർന്നില്ല എന്നുമാത്രമല്ല, ഇന്ന് 26-ാം തീയതിയായി, 8-ാം തീയതി കൊടുത്ത കത്തിന് 26-ാം തീയതിയായിട്ട് ഈ നിമിഷംവരെ ഒരു വരിയിലുള്ള മറുപടിപോലും ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കണമെന്നുള്ള അങ്ങയുടെ വികാരം ഞങ്ങൾ ഉൾക്കൊള്ളുന്നു. മുഖ്യമന്ത്രിയോ ഗവൺമെന്റോ അല്ല മുൻകൈയെടുത്തത്. ചർച്ചയ്ക്ക് മുൻകൈയെടുത്തത് പ്രതിപക്ഷമാണ്. ആ പ്രതിപക്ഷത്തിന്റെ നീക്കത്തിനോട് ഗവൺമെന്റ് നിഷേധാത്മകമായ പ്രതികരണം നടത്തി. അതുകൊണ്ടാണ് ഈ സഭാസ്തംഭനം ഒരാഴ്ച നീളാൻ ഇടയായത്. ഇപ്പോൾ ഇതിനുപുറമേ രാജ്യത്ത് വളരെ വ്യക്തമായി, വളരെ വളരെ വ്യക്തമായിത്തന്നെ ആരോപണങ്ങൾ ഉയർന്നുവരുന്നു. അഴിമതിയാരോപണങ്ങൾ വരുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ നിയമസഭാ സ്തംഭനം നമുക്ക് അവസാനിപ്പിക്കണം. മുഖ്യമന്ത്രി മുൻകൈയെടുത്ത് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം. അതുപോലെതന്നെ വിദ്യാഭ്യാസ മന്ത്രിയെ മാറ്റിനിർത്താൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഈ കാര്യം കഴിഞ്ഞ യാഴ്ച മുഴുവൻ ഉയർന്നുവന്ന പ്രശ്നമാണ്. വിദ്യാഭ്യാസ കാര്യങ്ങൾ പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും അഭിപ്രായങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്നത്. അസംബ്ലി യോഗം അലങ്കോലപ്പെടുത്തിക്കൊണ്ട് പ്രശ്നം പരിഹരിക്കുന്നത് ചരിത്രത്തിലുണ്ടായിട്ടില്ല. നമ്മുടെ കേരളത്തിൽ ഉണ്ടായിട്ടില്ല. അത് പ്രതിപക്ഷമായാലും ശരി, ഭരണകക്ഷിയായാലും ശരി അസംബ്ലി മേഖല അവഗണിച്ചുകൊണ്ട്, അസംബ്ലിയിൽ ബഹളം സൃഷ്ടിച്ചുകൊണ്ട് ഈ അസംബ്ലിയെ തകർക്കാൻവേണ്ടി ജനാധിപത്യ വിരുദ്ധമായ മാർഗ്ഗങ്ങളിൽക്കൂടി ശ്രീ. എ.കെ. ആന്റണിയടക്കം മുതിർന്നത് അപലപനീയമാണ് എന്നാണ് എന്റെ അഭിപ്രായം. ഈ അസംബ്ലി നിലനിൽക്കുന്ന കാലത്തോളം, അസംബ്ലിയിൽ ചർച്ച ചെയ്ത് പരിഹരിക്കേണ്ട പ്രശ്നങ്ങളാണിവ. ഈ അസംബ്ലിയിൽത്തന്നെയാണല്ലോ ഒരാഴ്ച ഈ പ്രശ്നം ഉയർന്നുവന്നത്. നിങ്ങൾതന്നെ പ്ലസ് ടുവിനെപ്പറ്റി പറഞ്ഞു. അഴിമതിയെപ്പറ്റി പറഞ്ഞു. ഞാൻ പറയുന്നു, അഴിമതിയെപ്പറ്റി ആരോപണമുന്നയിച്ചാൽ എന്താണു മാർഗ്ഗമെന്ന് പ്രതിപക്ഷനേതാവിനോട് ഞാൻ പറയേണ്ട കാര്യമുണ്ടോ? ഇവിടെ ഒരു ലോകായുക്ത രൂപീകരിച്ചിട്ടുണ്ട്. മുൻ ചീഫ് ജസ്റ്റീസ് അതിന്റെ ചെയർമാനാണ്. മുൻ ഹൈക്കോടതി ജഡ്ജിമാർ അതിലെ അംഗങ്ങളാണ്. ഇക്കാര്യത്തിൽ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്ന സാമാജികരാണ് അതിലുള്ളത്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അംഗീകരിച്ചതാണ്. അവിടെ നിങ്ങൾക്ക് ആക്ഷേപം കൊടുക്കാം. അഴിമതിക്ക് ഞങ്ങളല്ല കൂട്ടുനിൽക്കുന്നത്. നിങ്ങൾ അതിനുവേണ്ടി ആക്ഷേപം കൊടുക്കാതെ ഈ അസംബ്ലിയിൽ ബഹളം സൃഷ്ടിച്ചിട്ട് ഈ അഴിമതിക്ക് പരിഹാരം കാണാൻ കഴിയുമെന്ന് വ്യാഖ്യാനിക്കുന്നത് ന്യായമാണോ? മര്യാദയാണോ? അതു നടക്കുമോ? തീർച്ചയായും കേരളത്തിൽ 165 കോളേജുകളിൽ 1,06,000 സീറ്റുകളാണ് ഇപ്പോൾ ഉണ്ടായിരുന്നത്. പ്രൈവറ്റ് കോളേജുകളിൽ പ്രീ-ഡിഗ്രി കൊടുക്കണമെന്ന് നിങ്ങളുടെ ഭാഗത്തുനിന്ന് ശ്രീ. ജോസഫിന് കത്തു കൊടുത്തിട്ടില്ലേ? ശ്രീ. കെ. കരുണാകരൻ കൊട്ടാരക്കര താലൂക്കിൽ ഒരു പ്രൈവറ്റ് കോളേജിൽ കൊടുക്കണമെന്നു പറഞ്ഞു നൽകിയ കത്ത് ഇന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കയ്യിൽ ഫയലിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി കൊടുത്ത കത്ത് അവിടെ കിടപ്പുണ്ട്. ഓരോരുത്തരും ..... നിങ്ങൾക്കറിയില്ല, ആ കത്ത് എഴുതിയവർക്കറിയാം. ആ കത്തൊക്കെ പ്രീ-ഡിഗ്രിക്ക് കൊടുക്കത്തക്കവിധത്തിൽ, ഞങ്ങളുടെ കോളേജിൽ, ഇന്ന സ്ഥലത്ത്, കൊടുക്കണമെന്ന് പ്രതിപക്ഷവും ഭരണപക്ഷവും അപേക്ഷിച്ചിട്ടുണ്ട്. രണ്ടു ഭാഗത്തുള്ളവരും അപേക്ഷിച്ചിട്ടുണ്ട്. അതിൽ നിന്നെടുത്തുകൊണ്ടാണ് അനുവദിച്ചിട്ടുള്ളത്. 1,06,000-ത്തോളം സീറ്റുകളാണ് ആദ്യമുണ്ടായിരുന്നത്. മുൻവർഷം അനുവദിച്ച 528 സ്കൂളുകളിൽ 72,000 സീറ്റുകൾ നിലവിലുണ്ട്. പുതുതായി 360 സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചു. അവിടെ 54,000 സീറ്റുകളുണ്ട്. നിലവിലുള്ള സ്കൂളുകളിൽ പുതിയ ബാച്ച് അനുവദിക്കുകവഴി 29,000 സീറ്റുകളുണ്ടാകും. അതിനെക്കാൾ 49,000 സീറ്റുകൾ ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുവരെയുള്ള അതായത് 1999 വരെയുള്ള 528 പ്ലസ് ടൂ സ്കൂളുകളിലെ സീറ്റുകൾ 72,000. ഈ വർഷം അനുവദിച്ച 360 സ്കൂളുകളിലെ സീറ്റുകൾ 54,000. 1999 വരെ സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലെ സീറ്റുകൾ 29,000. മൊത്തം ഈ വർഷം ഉള്ള പ്ലസ് ടൂ സീറ്റുകൾ 1,55,000. പ്രീ-ഡിഗ്രിക്ക് മുമ്പുണ്ടായിരുന്ന സീറ്റുകൾ 1,06,000. ഇപ്പോൾ അധികമായത് 49,000 സീറ്റുകൾ. അങ്ങനെ പ്രീ-ഡിഗ്രിയെ സംബന്ധിച്ച് ഇത്രയധികം അപേക്ഷകൾ വന്നതിൽ ന്യായവും മര്യാദയുമുള്ള ..... അതുപോലെതന്നെ കേരളത്തിലെ രക്ഷിതാക്കൻമാരോടും കോർപ്പറേറ്റ് നേതാക്കൻമാരോടും ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. അവർ ഞങ്ങളെ വന്നു കണ്ടിട്ടുണ്ട്. ഞങ്ങൾ അവരോട് സംസാരിച്ചിട്ടുണ്ട്. ആ സംസാരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സീറ്റുകൾ. പൂർണ്ണമായും കൊടുക്കാൻ കഴിഞ്ഞുവെന്നല്ല ഉള്ള പരിധി വച്ചുകൊണ്ടാണ്, സാമ്പത്തികമായ കഴിവുവച്ചുകൊണ്ടാണ് ഈ സീറ്റുകൾ കൊടുത്തത്. വിദ്യാഭ്യാസ മേഖല പരിഷ്കരിക്കണമെന്നാണ് ..... അല്ലെങ്കിൽ ആ പ്രശ്നം പരിഹരിക്കണമെന്നാണ്. അതിന് ഞങ്ങൾ എല്ലാ കക്ഷികളുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ആ കാര്യത്തിലുള്ള നിലപാട് നിങ്ങൾ സ്വീകരിക്കാതെ ഈ അസംബ്ലിയിൽ കൂക്കിവിളിച്ചതുകൊണ്ട് ഈ പ്രശ്നം തീരുകയില്ല. ഈ കഷായമുണ്ടാക്കിയതുകൊണ്ട് ഈ പ്രശ്നം തീരുകയില്ല. അതുകൊണ്ട് ഞങ്ങൾ പറയുന്നത് ഇനിയും പ്ലസ് ടൂ പ്രശ്നത്തിൽ ആക്ഷേപമുണ്ടെങ്കിൽ നിങ്ങൾ അത് എഴുതിക്കൊടുത്താൽ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിശോധിക്കും. തീർച്ചയായും അതിനെപ്പറ്റി തീരുമാനമുണ്ടാകണം. ജുഡീഷ്യൽ അന്വേഷണത്തിന്റെ പ്രശ്നമുദിക്കുന്നില്ല എന്ന് ബഹു. പ്രതിപക്ഷനേതാവിനെ അറിയിക്കുകയാണ്.

പ്രതിപക്ഷ നേതാവ്(ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നമുണ്ടായ ഉടൻതന്നെ ആദ്യം ഞങ്ങൾ അങ്ങയോട് ജൂൺ 8-ാം തീയതി ചർച്ച ആവശ്യപ്പെട്ടുകൊണ്ട് രേഖാമൂലമെഴുതി. അതിന് മറുപടി കിട്ടാതെ വന്നപ്പോൾ, അസംബ്ലി തുടങ്ങിയ ആദ്യദിവസത്തെ ഞങ്ങളുടെ പരിപാടി നിയമാനുസൃതമായിരുന്നു. അസംബ്ലി ചട്ടങ്ങളനുസരിച്ചുള്ള അടിയന്തിരപ്രമേയത്തിനാണ് ഞങ്ങൾ അനുമതി ചോദിച്ചത്. പക്ഷേ അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറായില്ല. അപ്പോൾ രാഷ്ട്രീയ കക്ഷികളെ ചർച്ചയ്ക്കു വിളിക്കാൻ ആവശ്യപ്പെട്ടു. ചർച്ചയില്ല. ഇത്രയും രൂക്ഷമായ പ്രശ്നത്തിന് അടിയന്തിരപ്രമേയ ചർച്ചയില്ല. ഇപ്പോൾ 62 സ്കൂളുകൾ പുത്തനായി പ്രഖ്യാപിച്ചു. അങ്ങു പറഞ്ഞു എല്ലാ വിഭാഗക്കാരെയും ചർച്ചയ്ക്ക് ക്ഷണിച്ചുവെന്ന്. ആ ചർച്ചയ്ക്ക് ക്ഷണിച്ചവരിൽ പല വിഭാഗക്കാരെയും അപമാനിക്കുകയല്ലേ ഉണ്ടായത്? പല വിഭാഗക്കാരേയും പല പ്രദേശങ്ങളേയും അവഗണിച്ചുകൊണ്ടല്ലേ ഒടുവിൽ ഇപ്പോൾ ലിസ്റ്റ് വന്നിരിക്കുന്നത്? ഇത്തര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുള്ള കാര്യങ്ങളെക്കുറിച്ച് രാഷ്ട്രീയ നേതാക്കളോട് ചർച്ചയില്ല. അസംബ്ലിയിൽ ചർച്ചയില്ല. എന്തു ജനാധിപത്യമാണു സർ? ഇതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഞങ്ങൾ അസംബ്ലി നടപടിയിൽ പ്രതിഷേധിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അസംബ്ലിയിൽ ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറാണ്. എപ്പോൾ ചർച്ചചെയ്യാനും ഞങ്ങൾ തയ്യാറാണ്. ഈ തരത്തിൽ ജനാധിപത്യവിരുദ്ധമായിട്ടുള്ള നടപടി ഞങ്ങൾക്ക് സ്വീകാര്യമല്ല..... (ബഹളം).....

ഇതാണ് നിയമസമാധാനം നടത്തുന്നത്.....

(പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.)

..... ഈ കാണുന്നത്, നോക്കൂ..... ശ്രീ. എ.കെ. ആന്റണി ഇതു കാണണം. എ.കെ. ആന്റണി കാണണമിത്. ഇതാണോ നിയമ സമാധാനം? ഇതാണോ ജനാധിപത്യം? ഇതാണോ ന്യായമായ മര്യാദ. ഇതാണോ നിയമ സമാധാനം..... നോക്കൂ..... നോക്കൂ..... ശ്രീ. എ.കെ. ആന്റണി തന്നെ നേതൃത്വം വഹിക്കുന്നതാണ്. കാണിച്ചുകൊടുക്ക്. സ്പീക്കർക്കെതിരായിട്ട്. സ്പീക്കർക്കെതിരായിട്ടുള്ളതാണ് നിങ്ങളുടെ നിയമ നടപടി. അതോ ഞങ്ങൾക്കെതിരായിട്ടോ? ഇങ്ങോട്ടുവാ, ഞങ്ങൾക്കെതിരായിട്ടാണെങ്കിൽ ഇങ്ങോട്ടുവാ ..... (ബഹളം) ..... ഇങ്ങോട്ടു വാ ..... ജനാധിപത്യമാണിത്! ജനാധിപത്യം ..... നിയമ സമാധാനം! ഇതാണോ മര്യാദ? ഇതു നിങ്ങളുടെ അസംബ്ലി നടപടിയാണോ? അസംബ്ലി നടപടിയോ?.....

ശ്രീ. ജി. കാർത്തികേയൻ : സർ, നിയമസഭാ സമ്മേളനം കഴിഞ്ഞ ഒരാഴ്ചയായി തടസ്സപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അങ്ങ് വളരെ വേദനയോടുകൂടി ഒരു നിലപാട് ഇവിടെ ഈ വെള്ളിയാഴ്ച പറഞ്ഞു: ഈ നിയമസഭാ സമ്മേളനം നടന്നുപോകുന്നതിന് ബന്ധപ്പെട്ട ആളുകൾ തമ്മിൽ ചർച്ച നടത്തണം, ഇരുവിഭാഗങ്ങളും ചർച്ച നടത്തണം, അതിനുള്ള സാഹചര്യമുണ്ടാക്കണം എന്ന് അങ്ങ് നിയമസഭയിൽ പറഞ്ഞു, പുറത്തും, പറഞ്ഞു. അതിനെക്കുറിച്ച് സർക്കാരിന്റെ നിലപാടെന്താണ്? യഥാർത്ഥത്തിൽ നിയമസഭാ സ്പീക്കറുടെ നിലപാടിനെ വളരെ പുച്ഛത്തോടുകൂടി കാണുന്നത് ഭരണകക്ഷി അംഗങ്ങളാണ്, കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. നിയമസഭാ നാഥന്റെ ഒരു അപേക്ഷ, നിയമസഭാ നാഥന്റെ അഭ്യർത്ഥന ഈ ഫ്ളോറിലുണ്ട്. അതിനെക്കുറിച്ച് കേരളത്തിലെ മുഖ്യമന്ത്രിയുടെ നിലപാടെന്താണ്?

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ..... (ബഹളം) ..... പ്ലീസ് ..... (ബഹളം) ..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രതിപക്ഷത്തിന്റെ ..... പ്ലീസ് ..... നോ ..... നോ ..... പ്രതിപക്ഷത്തിന്റെ നിലപാട് ഇവിടെ ആവർത്തിച്ച് പ്രഖ്യാപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെങ്കിൽ ഇന്ന് അദ്ദേഹത്തിന് പറയാനുള്ളത് വളരെ സവിസ്തരം മറുപടിയെന്ന രൂപത്തിൽ പറഞ്ഞു. പക്ഷേ, ഇതുരണ്ടും കഴിഞ്ഞിട്ടും പ്രശ്നങ്ങൾക്ക് ഒരു പരിഹാരം കാണുന്നില്ല. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞത് സഭയിൽ ..... (ബഹളം) ..... പ്ലീസ് ..... ഞാൻ ഒരു അപ്പീൽ കഴിഞ്ഞ ദിവസം നടത്തുകയുണ്ടായി- സഭ തുടർന്നു നടത്തി കൊണ്ടുപോകുന്നതിനുവേണ്ടി ഇതിനൊരു പരിഹാരം നമുക്കു കാണേണ്ടതായിട്ടുണ്ട്. സഭയ്ക്കു വേണ്ടിയാണ് പറഞ്ഞത്. ഞാൻ പറഞ്ഞത് ഗവൺമെന്റിനുവേണ്ടിയല്ല. സഭ തുടർന്നു നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി, ഈ പ്രശ്നത്തിന്

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണണമെന്ന് കഴിഞ്ഞദിവസം പറയുകയുണ്ടായി. ഇപ്പോഴത്തെ സഭയെന്നു പറഞ്ഞാൽ വെറുമൊരു ചോദ്യോത്തര സഭയാണ്. എട്ടര മുതൽ ഒൻപതര വരെയുള്ള ചോദ്യോത്തരത്തിനുവേണ്ടി മാത്രം സഭ ഇങ്ങനെ അനിശ്ചിതമായി ചേരേണ്ടതുണ്ടോ? ചോദ്യങ്ങൾക്ക് ഉത്തരം വേണമെങ്കിൽ അംഗങ്ങൾക്ക് എത്തിച്ചുകൊടുക്കാം. അതിനുവേണ്ടി സഭ പ്രത്യേകിച്ച് ചേരേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട്, ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്, പ്രതിപക്ഷത്തിനും ഉത്തരവാദിത്വമുണ്ട്, സഭയ്ക്കും ഉത്തരവാദിത്വമുണ്ട്, ചെയറിനും ഉത്തരവാദിത്വമുണ്ട് ..... അതാണ് വീണ്ടും ഞാനിവിടെ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. ഇന്നത്തെ ഈ സാഹചര്യത്തിൽത്തന്നെ ചെയർ ഒന്നുകൂടി അക്കാര്യം ഓർമ്മിപ്പിക്കുന്നു. ചർച്ചയ്ക്ക് അവസരമുണ്ടാക്കുന്നതിനുകൂടി ചെയർ തയ്യാറാണ്. നിങ്ങൾ പരസ്പരം യോജിക്കുമെങ്കിൽ ഇന്ന് ഈ ദിവസത്തെ സഭാനടപടികൾക്കുശേഷം നമുക്ക് കക്ഷിനേതാക്കളുടെ യോഗം വിളിച്ചുചേർക്കാം. കക്ഷിനേതാക്കളുടെ യോഗം വിളിച്ചുചേർക്കാൻ ചെയർ സന്നദ്ധനാണ്. (തടസ്സം) ..... അതൊക്കെ വേറെ വിഷയം. രാഷ്ട്രീയമായ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്നത്തെ സഭാനടപടികൾക്കുശേഷം കക്ഷിനേതാക്കളുടെ യോഗം വരെ വിളിച്ചു ചേർക്കാൻ ചെയർ സന്നദ്ധനാണെന്നകാര്യം സഭാമുൻപാകെ അറിയിക്കുന്നു. ഓർഡർ ..... ഓർഡർ ..... മറ്റു സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, മറ്റു സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കൽ, ശ്രീമതി ശോഭനാ ജോർജ് ..... ഇല്ല.

ഇന്നത്തെ അജണ്ടയിൽ മൂന്നാമത്തെ ഇനമായി ചട്ടം 300 അനുസരിച്ചുള്ള, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ, ഒരു പ്രസ്താവനയാണ്. പ്രസ്താവന നടത്തേണ്ടതില്ല. ആ രേഖകൾ സഭയുടെ മേശപ്പുറത്തുവച്ചാൽ മതി ..... (ബഹളം) .....

III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ചു തയ്യാറാക്കിയ പ്രസ്താവനയുടെ രേഖകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.I

IV. ധനകാര്യം

V. 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന XII പോലീസ്, ധനാഭ്യർത്ഥന XIII ജയിലുകൾ, ധനാഭ്യർത്ഥന III നീതിന്യായ നിർവ്വഹണം, ധനാഭ്യർത്ഥന XIV സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഡിമാന്റുകൾ അവതരിപ്പിക്കാം. (ബഹളം)

I അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly